# അവാർഡുകളും അംഗീകാരങ്ങളും

**വാസുദേവ് പുളിക്കൽ**

സാഹിത്യപ്രസ്ഥാനങ്ങളും സംഘടനകളും എഴുത്തുകാർക്ക് അവാർഡുകൾ നൽകി ആദരിക്കുന്നത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ചരിത്രത്തിന്റെ താളുകളിൽ അത് സ്ഥാനം പിടിച്ചിട്ടുണ്ട്. സാഹിത്യപ്രസ്ഥനങ്ങൾ അവ്വുടെ പ്രവർത്തനത്തിന്റെ ഭാഗമായി കരുതി അവാർഡ്ദാനം നിലനിർത്തിപ്പോരുന്നു. കാക്കക്കുഞ്ഞിനും തൻ കുഞ്ഞു പൊൻകുഞ്ഞ് എന്നു പറയുന്നതുപോലെ തന്റെ രചനക്ക് അംഗീകാരം ലഭിക്കണമെന്ന് ആഗ്രഹിക്കാത്ത എഴുത്തുകാർ ഉണ്ടാകാൻ സാധ്യതയില്ല. വളഞ്ഞ വഴിയിലൂടെ അവാർഡുകളും അംഗീകാരങ്ങളും കരസ്ഥമാക്കണം എന്നല്ല അർത്ഥമാക്കുന്നത്. ഇന്നത്തെ സാമൂഹ്യ-രാഷ്ട്രീയ രംഗത്ത് നടക്കുന്ന അഴിമതി സാഹിത്യരംഗത്തേക്കും വ്യാപിച്ചു കിടക്കുന്നു എന്ന ധാരണയിൽ അവാർഡ് സംവിധാനത്തെ വീക്ഷിക്കുന്നവരുണ്ട്. രാഷ്ട്രീയ പാർട്ടിയുടേയോ രാഷ്ട്രീയക്കാരുടേയോ പ്രവർത്തനരീതിയോ ലക്ഷ്യമോ അല്ല സാഹിത്യപ്രവർത്തകർക്കും സാഹിത്യപ്രസ്ഥാനങ്ങൾക്കുമുള്ളത്. സാഹിത്യത്തിന്റെ വികാസമാണ് അവർ ലക്ഷ്യമാക്കുന്നത്. സാഹിത്യപ്രസ്ഥാനങ്ങളും സംഘടനകളും അവാർഡുകൾക്ക് അർഹതയുള്ളവരെ തെരഞ്ഞെടുക്കുന്നത് അവരുടെ രചനകൾ സൂക്ഷ്മമായി വിശകലനം ചെയ്തതിനു ശേഷം മാത്രമാണെന്നാണ് ഞാൻ കരുതുന്നത്. നല്ല നല്ല സൃഷ്ടികളിലൂടെ എഴുത്തുകാർക്ക് അവാർഡുകൾ കരസ്ഥമാക്കാനുള്ള പ്രചോദനം കൂടിയണിത്.

അമേരിക്കൻ കനേഡിയൻ മലയാളി എഴുത്തുകാരെ പ്രതിനിധീകരിക്കുന്ന ലാന ഒരു സാഹിത്യ അക്കാഡമി രൂപീകരിക്കുകയും (ലാന സാഹിത്യ അക്കാഡമി) അവരുടെ വിവിധ വിഭാഗങ്ങളിലെ രചനകൾക്ക് അവാർഡുകൾ നൽകി ആദരിക്കുകയും ചെയ്യുന്നുണ്ട്. ഈ അംഗീകാരം ലാന എഴുത്തുകാർക്ക് വേണ്ടി ചെയ്യുന്ന കാര്യങ്ങളുടെ പട്ടികയുടെ ഒന്നാം സ്ഥാനത്തു നിൽക്കുന്നു. 'ലാന സാഹിത്യ അക്കാഡമി' രൂപീകരിക്കപ്പെട്ടത് ഈ ലേഖകൻ ലാനയുടെ പ്രസിഡൻറായിരുന്ന സമയത്താണ്. ന്യൂയോർക്ക് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വിചാരവേദി അമേരിക്കൻ മലയാളി എഴുത്തുകാരെ അംഗീകരിക്കുയും ആദരിക്കുകയും അവരുടെ രചനകൾ ചർച്ചക്ക് വിധേയമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. വിചാരവേദി മറ്റു സാഹിത്യപ്രസ്ഥനങ്ങൾക്ക് ഒരു മാതൃക തന്നെ കാണിച്ചു കൊടുത്തു. അമേരിക്കയുടെ വിവിധ ഭാഗങ്ങളിലുള്ള പല സംഘടനകളും എഴുത്തുകാർക്ക് അവാർഡുകൾ നൽകി അവരെ ആദരിക്കുന്നുണ്ട്. ലാന ഇപ്പോൾ അവാർഡിനു പരിഗണിക്കുന്നത് അമേരിക്കൻ-കനേഡിയൻ എഴുത്തുകാരെ മ്രാതമാണ്. ഈ സ്ഥിതിയിൽ നിന്ന് മൊത്തം പ്രവാസി എഴുത്തുകാർക്ക് അവാർഡുകൾ നലകുന്ന അവസ്ഥയിലേക്ക് ലാന സാഹിത്യ അക്കാഡമി ഉയർന്നു വരികയും കേരള സാഹിത്യ അക്കാഡമിയോട് ചേർത്ത് വയ്ക്കാൻ പാകത്തിന് അവാർഡ് ജേതാക്കൾക്ക് പ്രശസ്തിപത്രവും ക്യാഷ് അവാർഡും നൽകി 'ലാന സാഹിത്യ അക്കാഡമി' പ്രശസ്തിയാർജ്ജിക്കുകയും വേണം. ഈ അഭിപ്രായം 'ലന സാഹിത്യ ആക്കാഡമി' രൂപീകരിച്ച സമയത്തു തന്നെ പ്രകടിപ്പിക്കപ്പെട്ടിട്ടുള്ളതാണ്.

സാഹിത്യപ്രസ്ഥാനങ്ങളും സംഘടനകളും അർഹതയുള്ളവരെ അവരുടെ സാഹിത്യത്തിൻേറയും ഭാഷയുടേയും വികാസത്തിലേക്കുള്ള സംഭാവനയും സാമൂഹ്യ സേവനവും,ം കണക്കിലെടുത്ത് അവാർഡുകളും അംഗീകാരങ്ങളും

നൽകി ആദരിക്കുന്നതിനെ പരിഹസിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ട്.

എന്തിനീയവാർഡുകളെന്നു വെറുതേ
ചിന്തിച്ചു ചിന്തിച്ചുറക്കമിളക്കുന്നിതു ചിലർ
അവാർഡുചടങ്ങുകൾ രസാവഹമെന്ന്
പരിഹസിച്ചു പുച്ഛരിക്കുന്നു ചിലർ
പലക നല്കിയപമാനിക്കാതെന്നു മറ്റുചിലർ.
ക്രുദ്ധരാം ഭാര്യമാരുടെ ചുരികത്തലപ്പു തടുക്കാൻ
പരിചയാക്കാം ഫലകമെന്നാശ്വസിക്കുന്നു ചിലർ

ഇങ്ങനെ, അവാർഡു നലകുന്നവരേയും അവാർഡു ജേതാക്കളെയും മനസ്സിലാക്കാത്ത ഒരു വിഭാഗത്തിൻെറ ആക്രോശവും അഭിമുഖീകരിക്കേണ്ടി വരുന്നു. അർഹതയില്ലാത്തവർക്കാണ് അവാർഡുകൾ നൽകുന്നതെന്നാണ് അവരുടെ നിഗമനം. കേരള സാഹിത്യഅക്കാഡമിയും കേന്ദ്രസാഹിത്യ അക്കാഡമിയും അവാർഡുകൾ പ്രഖ്യാപിക്കുമ്പോൾ പോലും ഇത്തരം അപശബ്ദങ്ങൾ ഉയർന്നു വരാറുണ്ട്. അവാർഡു കമ്മിറ്റികളുടെ രചനകളെ കുറിച്ചുള്ള വിലയിരുത്തലും ഈ കൂട്ടരുടെ വിലയിരുത്തലും ചേർന്നു പോകണമെന്നില്ലല്ലോ. അതുകൊണ്ട് അവരുടെ ആക്രോശങ്ങൾക്ക് യാതൊരു പ്രാധാന്യവും നൽകേണ്ടതില്ല. സാഹിത്യ പ്രസ്ഥാനങ്ങൾ അവയുടെ പ്രവർത്തന ശൈലിയുമായി സാഹിത്യത്തിൻെറ വികാസം മുൻനിർത്തി മുന്നോട്ടു പോവുക.

അവാർഡുകളും പൊന്നാടകളും ഫലകവും
പ്രോത്സാഹനമതു ബഹുമാനസൂചകം.
ആജീവനാന്തം, വയലാർ, അക്കാഡമി
മുട്ടത്തു വർക്കി, പ്രസ്ക്ലബ്
അവാർഡുകളിങ്ങനെ പലവിധം

ഒരു സാഹിത്യകാരൻ മുട്ടാത്തുവർക്കി അവാർഡ് സ്വീകരിച്ചപ്പോൾ അദ്ദേഹത്തെ പരിഹസിച്ചുകൊണ്ട് ഒരു വിദ്വാൻ 'എന്തൊരു പതനം' എന്ന ശീർഷകത്തിൽ എഴുതിയ ലെഖനം ഓർമ്മ വരുന്നു.
മുട്ടത്തു വർക്കിയുടെ രചനകളുടെ നിശിത വിമർശകനായിരുന്ന ഈ അവാർഡ് ജേതാവിന് മുട്ടത്തുവർക്കി അവാർഡിനായി കൈനീട്ടാനുള്ള അർഹതയില്ലായെന്നും അദ്ദേഹത്തിൻെറ സാമ്പത്തിക പരാധീനതയായിരുന്നു അതിൻെറ കാരണമെന്നുമായിരുന്നു പരിഹാസത്തിൻെറ കേന്ദ്രബിന്ദു. ഒരു തരം അസൂയയിൽ നീന്നുടലെടുത്താതാണീ പരിഹാസം എന്നതിൽ കവിഞ്ഞ് വായനക്കാർ അതിന് വിലകൽപിച്ചു കാണാൻ സാധ്യതയില്ല.

അവാർഡുകൾ നൽകുന്നു സന്മനസ്സുള്ളവർ
സ്വീകരിക്കുന്നു അർഹതയുള്ളവർ സഹർഷം.
സംഘടനകളും പ്രസ്ഥാനങ്ങളും നൽകും
അവാർഡുകൾക്കർഹരാകുന്നവരിൽ
സങ്കുചിത മാനസരാകാതെ ജനം
അർപ്പിക്കയഭിനന്ദനത്തിൻ പൂച്ചെണ്ടുകൾ.
ജീവിതത്തിനൊരു സാഫല്യമായ് സന്മനസ്സോടെ
അംഗീകരിക്കൂ പരകർമ്മങ്ങളിലെ നന്മ.

അവാർഡുകൾ നൽകുന്നതിൻെറ ഉദ്ദേശ ശുദ്ധിയും അവാർഡു ജേതാക്കളുടെ കഴിവും മനസ്സിലാക്കി അവാർഡ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ് അഭികാമ്യം.

****